# രാജർഷി

| പുസ്തകം 12 | മീനം 1121 | ലക്കം 8 |
|---|---|---|


## ആന്ധ്രഭാഷാകവിത്രയം.

(വിദ്വാൻ, ചെന്നിത്തല കെ. കൃഷ്ണയ്യർ)

ഈ സംജ്ഞകൊണ്ടു് ഇവിടെ വ്യപദേശിക്കുന്നതു നാരായണഭട്ടൻ, പെദ്ദണ്ണ, അയ്യലരാജുരാമഭദ്രയ്യ എന്നീ തെലിങ്ഗ മഹാകവികളെയാകുന്നു. ഇവർ, യഥാക്രമം, ക്രി. പി. പതിനൊന്നും, പതിമൂന്നും, പതിനാറും ശതകങ്ങളിൽ ജീവിച്ചിരുന്നതായിട്ടാണു കാണുന്നതു്. ഈ കവികളെക്കുറിച്ചു ലഭിച്ചിട്ടുള്ളിടത്തോളം വിവരങ്ങൾ ചുവടെ ചേർത്തുകൊള്ളുന്നു.

### നാരായണഭട്ടൻ

വ്യാസഭാരതത്തിലെ ആദ്യത്തെ മൂന്നു പർവ്വങ്ങൾ ആന്ധ്രഭാഷയിൽ വിവർത്തനംചെയ്ത നന്നയ്യാവിൻെറ സമകാലികനായിരുന്നു നാരായണഭട്ടൻ. മഹാഭാരതയുദ്ധത്തിൽ ശ്രീകൃഷ്ണൻ അർജ്ജുനനെ സഹായിച്ചതുപോലെ, നാരായണഭട്ടൻ, തൻെറ വ്യവസായങ്ങളിൽ തനിക്കു വളരെ ഉപകരിച്ചിട്ടുണ്ടെന്നു നന്നയ്യാ പ്രസ്താവിച്ചിരിക്കുന്നു. പക്ഷേ, ഈ ഉപകാരം ഏതു രൂപത്തിലുള്ളതാണെന്നു സ്പഷ്ടമാകുന്നില്ല. നന്നയ്യാരചിച്ചതായി പറയപ്പെടുന്ന മഹാഭാരത പർവ്വങ്ങളുടെ ഭൂരിഭാഗവും നാരായണഭട്ടനാണു് എഴുതിയതെന്നു് ഒരു അഭിപ്രായമുണ്ടു്. ഇതു ശരിയാണെന്നു തോന്നുന്നില്ല. എന്തെന്നാൽ, നാരായണഭട്ടൻ, നന്നയ്യാവിനോടൊപ്പം സമർത്ഥനായ ഒരു കവിയായിരുന്നെങ്കിൽ, അദ്ദേഹം ഭാരതവിവർത്തനം പൂർത്തിയാക്കാതിരിക്കുകയില്ലായിരുന്നു. ഒരുപക്ഷേ, നാരായണഭട്ടൻ, നന്നയ്യാവിനുമുമ്പു നിര്യാതനായിരിക്കാം. ഇതിനു നമുക്കു യാതൊരു തെളിവുമില്ല. ഭാരതത്തിലെ ആദ്യത്തെ മൂന്നു പർവ്വങ്ങൾ ഇവർ രണ്ടുപേരുംകൂടി എഴുതിയതാണെന്നുള്ളതിനും ലക്ഷ്യങ്ങൾ കാണുന്നില്ല. ബ്രാഹ്മണർ പഞ്ചമവേദമായി പരിഗണിച്ചുവന്ന മഹാഭാരതത്തെ വിവർത്തനംചെയ്യുന്നതു് അവർക്കു വിരോധമായിരുന്നതിനാൽ, അവരുമായി മല്ലിടുന്ന വിഷയത്തിൽ നന്നയ്യാവിനെ നാരായണഭട്ടൻ സഹായിച്ചിരിക്കും. എന്നാൽ, ധർമ്മസംസ്ഥാപനാർത്ഥം ശ്രീകൃഷ്ണൻ അർജ്ജുനനെ സഹായിച്ചതുപോലെ, നന്നയ്യാവിൻെറ വൈദികപ്രസ്ഥാനം സംബന്ധിച്ചുള്ള പ്രവർത്തനങ്ങളിൽ നാരായണഭട്ടൻ അദ്ദേഹത്തെ സഹായിച്ചിരിക്കാമെന്നു വിചാരിക്കുന്നതിനാണു് കൂടുതൽ ഉപപത്തിയും യുക്തിയുമുള്ളതു്.

നാരായണഭട്ടൻെറ യാതൊരു കൃതികളും ഇപ്പോൾ അവശേഷിച്ചിട്ടില്ല. എങ്കിലും, അദ്ദേഹം വിഖ്യാതനായ ഒരു കവിയായിരുന്നു എന്നുള്ളതു നിസ്സംശയമാണു്. സംസ്കൃതം, കന്നടം, പ്രാകൃതം, പൈശാ

ഷികം എന്നി വിവിധഭാഷകളിൽ അദ്ദേഹം വിജ്ഞാതനായിരുന്നു. നാരായണഭട്ടന്റെ അഗാധമായ പാണ്ഡിത്യത്തെപ്പററി തനിക്കുണ്ടായിരുന്ന ആദരാതിശയത്തിന്റെ ചിഹ്നമായി, അന്നത്തെ നാടുവാഴി ഒരു ഗ്രാമം അദ്ദേഹത്തിനു നൽകി. ഈ പണ്ഡിതാഗ്രണി, പല കവിശ്രേഷ്ഠന്മാരോടും പോരാടി വിജയലക്ഷ്മീസമാശ്ലിഷ്ടനാകയും, തൽഫലമായി "കവിഭാവവജ്രാങ്കുശൻ" എന്ന ബിരുദം സമ്പാദിക്കുകയുംചെയ്തു.

നാരായണഭട്ടനു കുപ്പമ്മാ എന്നപേരിൽ വിദുഷിയും കവയിത്രിയുമായ ഒരു പുത്രിയുണ്ടായിരുന്നു. ഈ മനസ്വിനി, നന്നയ്യാവിനെ അദ്ദേഹത്തിന്റെ വൈദികപ്രസ്ഥാനത്തിൽ സഹായിച്ചിരുന്നതായി കാണുന്നുണ്ടു്.

## ബൈദ്ദണ്ണാ

ബെദ്ദണ്ണാ, കാകതീയരാജാവായ ഗണപതിദേവന്റെ പുത്രിയായ രുദ്രാംബാദേവിയുടെ കീഴിലുള്ള ഒരു ആന്ധ്രപാളസാമന്തനായിരുന്നു. തന്റെ പൂർവ്വഗാമിയായ പ്രതാപരുദ്രനെ അനുകരിച്ചു് ഇദ്ദേഹം "നീതിശാസ്ത്രമുക്താവലി" എന്നൊരു കൃതി നിർമ്മിച്ചു. ഇതിൽ ആകെ പതിനഞ്ചു് അദ്ധ്യായങ്ങളുണ്ടു്. ഏതൽഗ്രന്ഥത്തിൽ, രാജാക്കന്മാരുടെ കാര്യപരിപാടികളും, കർത്തവ്യങ്ങളും, ഉദ്യോഗസ്ഥന്മാരുടെ നിയമനം, നീതിന്യായപ്രവർത്തനം, ഭരണം, രാജ്യസംരക്ഷണം മുതലായി രാജ്യമീമാംസാപരങ്ങളായ വിഷയങ്ങളും അടങ്ങിയിരിക്കുന്നു.

സന്മാർഗ്ഗതത്വപ്രതിപാദകമായ "സുമതിശതകം"ആണു് ബെദ്ദണ്ണാവിന്റെ മറെറാരു കൃതി. ആന്ധ്രദേശപാഠശാലകളിൽ പഠിപ്പിച്ചുവരുന്ന സദാചാരഗ്രന്ഥങ്ങളുടെ കൂട്ടത്തിൽ ഒരു മുഖ്യസ്ഥാനം ഇതിനുണ്ടു്. "വേമണ്ണശതകം"പോലെ സുമതശതകവും ആന്ധ്രദേശീയരായ യുവാക്കളുടെ സ്വഭാവത്തെ സംസ്കരിക്കുന്നതിൽ അതിമാത്രം പ്രയോജനപ്പെടുന്നതാണു്.

## അയ്യല രാജുരാമഭദ്രയ്യാ

പണ്ഡിതകല്പപാരിജാതവും കവിമയൂരകാളമേഘവുമായിരുന്ന കൃഷ്ണദേവരായചക്രവർത്തിയുടെ വിദ്വൽസദസ്സിനെ അലങ്കരിച്ചിരുന്നവരും, "അഷ്ടദിഗ്ഗജങ്ങൾ" എന്ന പേരിൽ പ്രസിദ്ധന്മാരുമായ എട്ടു കവികളിൽ ഒരാളായിരുന്നു അയ്യല രാജുരാമഭദ്രയ്യാ. ഇദ്ദേഹത്തിനു 'പില്ലലരാമഭദ്രയ്യാ' എന്ന അപരനാമം കൂടിയുണ്ടു്. അനവധി സന്താനങ്ങളെ പലത്താനുണ്ടായിരുന്നതിനാലാണു് ഇങ്ങനെ വിളിച്ചുവരുന്നതു്. സ്വകുടുംബത്തെപ്പോററാൻ വഴികാണാതെ വിഷണ്ണനായി, ഒരിക്കൽ ഈ കവിപുംഗവൻ ആത്മഹത്യചെയ്യാൻ ആരംഭിച്ചുവെങ്കിലും, തന്റെ സ്നേഹിതന്മാരുടെ പ്രേരണയാൽ ആ സാഹസത്തിൽനിന്നു വിരമിച്ചു. അനന്തരം, അവരുടെ ഉപദേശമനുസരിച്ചു്, അദ്ദേഹം വിജയനഗരത്തിലേക്കു പോകുകയും, അവിടെ കൃഷ്ണദേവരായരുടെ പണ്ഡിതസദസ്സിലെ ഒരു അംഗമായിത്തീരുകയുംചെയ്തു.

രാമഭദ്രയ്യാ, ചക്രവർത്തിയുടെ സദസ്യനായിബ്ഭവിച്ചതിനെ സംബന്ധിച്ചു താഴെപ്പറയുന്ന പ്രകാരം ഒരു കഥയുണ്ടു്. 'അതിവൃഷ്ടിയുള്ള ഒരു ദിവസം, നമ്മുടെ കവി അഹർവൃത്തിക്കുള്ള മാർഗ്ഗമന്വേഷിച്ചു നഗരത്തിൽ അലഞ്ഞുതിരിഞ്ഞു നടക്കുമ്പോൾ, കുറെ വിദ്യാർത്ഥികൾ ഒരു ഉദ്യാനത്തിലിരിക്കുന്നതുകണ്ടു. അവർ തങ്ങളുടെ ഗുരുവിന്റെ നിർദ്ദേശമനുസരിച്ചു വിരഹതാപത്തെ അധികരിച്ചു്

ഓരോ പദ്യമെഴുതാൻ നിഷ്ഫലമായി ശ്രമിക്കുകയായിരുന്നു. ഈ വസ്തുത രാമഭദ്രയ്യാവിന്നു മനസ്സിലായി. ശീതബാധിതനായ അദ്ദേഹം, തന്റെ കുളിരുമാററാൻ തീകത്തിച്ചുകൊടുക്കാമെങ്കിൽ, അവരുടെ ഉദ്യമത്തിൽ വേണ്ട സഹായം ചെയ്യാമെന്നു വാഗ്ദാനംചെയ്തു. തദനുസരണം, വിദ്യാർത്ഥികൾ അഗ്നി ജ്വലിപ്പിക്കുകയും, അദ്ദേഹം അതു കാച്ചിക്കൊണ്ടു് അവർ ആവശ്യപ്പെട്ടപ്രകാരം ഓരോ പദ്യമെഴുതിക്കൊടുക്കുകയുംചെയ്തു. അനന്തരം, അവര് തങ്ങൾ സ്വയം നിർമ്മിച്ചതാണെന്നുള്ള ഭാവത്തിൽ പദ്യങ്ങൾ ഗുരുവിനെകാണിച്ചു. വസുചരിത്രപ്രണേതാവായ രാമരാജഭൂഷണനാണു് ഈ ഗുരു എന്നാകുന്നു ഐതിഹ്യം. ഈ സരസപദ്യങ്ങൾ എഴുതിയതു് ഏതോ ഒരു മഹാകവിയാണെന്നു് അവ കണ്ടപ്പോൾത്തന്നെ അദ്ദേഹത്തിന്നു മനസ്സിലായി. ഗുരുവിന്റെ ആജ്ഞയനുസരിച്ചു ശിഷ്യന്മാർ രാമഭദ്രയ്യാവിനെ അദ്ദേഹത്തിന്റെ അടുക്കൽ കൂട്ടിക്കൊണ്ടുചെന്നു. അവർതമ്മിൽ അചിരേണ ആപ്തമിത്രങ്ങളായിത്തീർന്നു. ഈ ഗുരുമുഖേന രാമഭദ്രയ്യാവിന്നു കൃഷ്ണദേവരായ ചക്രവർത്തിയുടെ പണ്ഡിതസദസ്സിൽ പ്രവേശനം ലഭിക്കുകയുംചെയ്തു.”

നമ്മുടെ കവിയുടെ പ്രധാനകൃതി, “സകല കഥാസാരസംഗ്രഹ”മാകുന്നു ഒമ്പതു സർഗ്ഗങ്ങളുള്ള ഈ നിബന്ധത്തിലെ പ്രതിപാദ്യവിഷയം പ്രസിദ്ധങ്ങളായ പുരാണകഥകളാണു്. ഇതിൽ ദമയന്തി നളന്റെ വേർപാടിൽ വിലപിക്കുന്നഭാഗം വായിക്കുമ്പോൾ, ത്രൈലിങ്ഗ ഭാഷാകവയിത്രികളിൽ ഒരു പ്രധാനസ്ഥാനത്തെ അർഹിക്കുന്ന കുപ്പമ്മ, യുവതിയായ ഒരു വിധവഎന്ന നിലയിൽ, തന്റെ ദുഃഖങ്ങളെ വിവരിച്ചെഴുതിയിട്ടുള്ള വരികൾ അനുവാചകന്മാർക്കു് ഓർമ്മയിൽ വരുന്നു. പ്രസ്തുതകൃതി കൃഷ്ണദേവരായ ചക്രവർത്തിയുടെ നിദേശമനുസരിച്ചു നിർമ്മിക്കപ്പെട്ടതാണെങ്കിലും, അദ്ദേഹത്തിന്റെ കാലത്തുതന്നെ പൂർത്തിയാക്കാൻ തൽകർത്താവിന്നു കഴിഞ്ഞില്ല. രാമഭദ്രയ്യാ, തന്റെ പുരസ്കർത്താവിന്റെ നിര്യാണശേഷം, അദ്ദേഹത്തിന്റെ ജാമാതൃ ഭാഗിനേയന്റെ സദസ്യനായി പരിലസിക്കുകയും, “രാമാഭ്യുദയം” എന്നൊരു കാവ്യം രചിക്കുകയും ചെയ്തതായി പറയപ്പെട്ടിരിക്കുന്നു.

---

## പിൻതിരിക്ക

(ഡോക്ടർ കുന്നത്തേരി രാമൻമേനോൻ)

അതീതകാലങ്ങളിലാർഷഭൂവി-
ലാവിർഭവിച്ചുള്ള മഹാശയന്മാര്
അവർക്കുപിൻഗാമികളാംനമുക്കാ
യാർജ്ജിച്ചവിജ്ഞാന മനോചിതാർത്ഥം

2

അക്ഷാമമായ് ചാരിയെടുക്കിലേതു
നിക്ഷേപകുക്ഷിക്കൊരുകോട്ടമില്ല
അസ്വത്തു വക്ത്തുതൊടാത്തനമ്മ-
ളമ്പേ നശിപ്പിച്ചുകളഞ്ഞുവെന്നോ?!

3

അതിന്നുതന്നുള്ളതുകൊണ്ടുമാത്ര-
മാദ്ധ്യസ്ഥമാർന്നു പരരന്യർ,നമ്മൾ
ആലസ്യകൂപത്തിലധഃപതിച്ചു
കാലംകഴിപ്പൂ കഴിവാറുമുററും

4

അതാതുരാജ്യങ്ങളിലപ്പൊഴപ്പോൾ
ആത്മീയവിദ്യാ വിളവിട്ടുപോയോർ
ആരും നിനക്കാത്തതരത്തിലല്ലോ
പാരിന്റെപോക്കെങ്ങവസാനമാവോ?!

5

മോഹാന്ധലോകത്തിന്നു മോക്ഷമേക-
മേകാന്തമാർഗ്ഗം തെളിയിച്ചുഭൂവിൽ

ശോകാന്തമാം നാടകമാടിനമ്മൾ
ശ്രീകാന്ത! ലോകാന്തരമാർന്നിടുന്നു.

6

തിരിക്കുനാം നമ്മുടെപോക്കുതെററി
വരിക്കുവീണ്ടും വരമാർഷധർമ്മം
തരിക്കു, ഗാഢേതരനാശതീര-
ത്തിരിക്കയാണിപ്പൊഴുതസ്മദീയർ

7

എൻപൂർവ്വകർ ഭാരതവർഷഭൂവി-
ലമ്പായപൈമ്പാലൊഴുകിച്ചുപോന്നു
പിമ്പായതമ്പേയുരവാറുലോകം
വമ്പോരിലമ്പോ മുഴുകിക്കഴിഞ്ഞു.

8

ആരൂഢഗർവ്വമമായമാനി-
ലാരൂഢരാഗം മിഴിനീരൊഴുക്കി
അക്കണ്വപുത്രിക്കുസമാനയായോ-
രന്നെത്രയീയിന്ത്യയലംകരിച്ചു.

9

അമ്പേററുവീണുള്ള പതംഗമത്തെ
അമ്പേററുലാളിച്ചൊരു ബുദ്ധനേയും
അംബേ! ജനിപ്പിച്ചു ഭവൽപ്രഭാവ-
മമ്പേവരണ്ടീടുകയോ സവിത്രി.

10

ഭവിക്കയില്ലങ്ങിനെ യത്രമാത്രം
ഭവൽ പുരാപ്രാഭവ‘മോ’യല്ല
ദ്രവിക്കുകെന്നോ ഭവദീയപൂർവ്വ
മഹത്വബീജം ഭരതോർവ്വിയേവം.

11

തിരിക്കുനാം നമ്മുടെകൈമുതൽവി-
ററിരക്കുവാൻ കമ്പിളെടുത്തിടാതെ
വരിഷ്ഠമാം പൈതൃകമല്ലയോ നോ-
ക്കിരിപ്പുപോയ് നോക്കുകയീട്ടുവെപ്പിൽ

---

<u>പുസ്തകാഭിപ്രായം</u>

## വിനീതോപഹാരം.

ഗ്രന്ഥകർത്താവ് കുടമാളൂർ, കെ. സി. കേശവൻനായർ ബി. ഏ. ശ്രീ സേതുപാർവ്വതീഭായി ഗ്രന്ഥശാല. കുടമാളൂർ, കോട്ടയം, വില 12ണ

ഒരു ശിശു സംസാരിക്കേണ്ട സമയം അതിക്രമിച്ചിട്ടും സംസാരിക്കാതിരിക്കുമ്പോൾ ‘കൊഞ്ഞ’ പറഞ്ഞാലും അതു കേൾക്കുന്നതിനു് അതിൻെറ രക്ഷർത്താക്കൾ അത്യുത്സാഹം പ്രകടിപ്പിക്കുക മാത്രമല്ല പ്രോത്സാഹിപ്പിക്കുന്നതിനു് അനവരതം ശ്രമിച്ചുവെന്നുംവരും. എന്നാൽ യഥാകാലം വേണ്ട നിർദ്ദേശങ്ങൾ നൽകി നേർവഴിക്കു നയിക്കേണ്ടതു് നിയന്ത്രിക്കുന്നവരുടെ ചുമതലയാണു്. അല്ലെങ്കിൽ അതു് അശുഭഫലത്തെ പ്രദാനംചെയ്തു എന്നുവന്നേക്കാം. ഏറെക്കുറെ മലയാള കവിതാശിശുവും ഇതുപോലൊരു കാലഘട്ടം തരണംചെയ്തിട്ടുണ്ടു്. രക്ഷാകർത്തൃസ്ഥാനത്തിൽനിന്നവർ സ്നേഹമായി നിയന്ത്രിച്ചതിൻെറ ഫലമായി ചില ദുശ്ശീലങ്ങൾ ആ ശിശു പഠിക്കുവാനിടയായിട്ടുണ്ടു്. അതിൻെറ ഫലമായി അകടവികടമായ രീതിയിൽ ചില കവിതകൾ അതിൽ ആവിർഭവിച്ചു. തന്മൂലം സഹൃദയഹൃദയാഹ്ലാദിയായിരുന്ന കവിത വിരസമായി ഭവിക്കയും വാചയിതാക്കൾ കവിതാസ്വാദനത്തിൽ നിരാശരായി കഴിഞ്ഞുകൂടുകയും ചെയ്യുന്ന ഒരു കാലഘട്ടമാണിതു്. അങ്ങനെയുള്ള സന്ദർഭത്തിൽ കവിതയെ പുറത്താക്കുന്ന കാര്യത്തിൽ യഥാർത്ഥകവികളും വിമനസ്സു പ്രകടിപ്പിക്കുന്നതിൽ അശേഷം അപരാധമില്ല. എന്നാൽ ഗുണോൽകർഷംകൊണ്ടും ആശയപരിശുദ്ധികൊണ്ടും ലാളിത്യംകൊണ്ടും സാഹിത്യാരാധകന്മാരെ പ്രീണിപ്പിക്കുന്ന പതിനേഴു ഖണ്ഡകവിതകളുടെ സമാഹാരമാണു് ശ്രീമാൻ കുടമാളൂർ കെ. സി. കേശവൻനായർ അവർകൾ ബി. ഏ.യുടെ ‘വിനീതോപഹാരം’ കേരള സാഹിത്യസാമ്രാ

ജ്യത്തെ ഭരണസൌകര്യാത്ഥം തെക്കും വടക്കുമായി ഭാഗിച്ചാൽ അവിടത്തെ അധിരാജപദത്തിനു അഹ്ഹരായ രണ്ടു മഹാകവികളുടെ അഭിപ്രായംതന്നെ മിസ്റ്റർ നായരുടെ കവിതക്ക് കേരളം മുഴുവൻ സ്വാഗതമരുളുന്നുവെന്നുള്ളതിൻെറ പ്രത്യക്ഷപത്രമല്ലേ.

വിഷയങ്ങളുടെ വിശേഷംകൊണ്ടും പ്രതിപാദനത്തിൻെറ പ്രത്യേകതകൊണ്ടും വൃത്തത്തിൻെറ വൃത്തികൊണ്ടും ആശയത്തിൻെറ ആകപ്പാടെയുള്ള ആകാരസുഷമകൊണ്ടും ആക്കും ആനന്ദത്തെ നൽകുന്നവതന്നെയാണ് ഇതിലെ കവിതകൾ. സമഗ്രമായി പരാമശിക്കുന്നതിനു് സൌഹചര്യം പര്യാപ്തമല്ലെങ്കിലും ചില ഉദാഹരണങ്ങൾ ഉദാഹത്തവ്യങ്ങൾ തന്നെയാണ്. ചില കവികൾ പിൻനോക്കികളും ചിലർ മുൻനോക്കികളും മററുചിലർ ഒന്നും നോക്കാത്തവരുമാണ്. എന്നാൽ മിസ്റ്റർ കെ. സി.യുടെ 'ഇന്നലെ' 'ഇന്നു്' 'നാളെ' ഈ കവിതകൾതന്നെ നിഷ്പക്ഷമായി ലോകത്തെ നോക്കാനുള്ള സന്നദ്ധതയെയല്ലേ കാണിക്കുന്നതു. 'ദശനം' 'ജനനി' 'ശൂന്യമാസം' എന്നീ കവിതകളിൽ കാണുന്ന ആശയങ്ങൾ പഴയരീതിയിലുള്ളവയും 'മരണശയ്യ' 'ഭിക്ഷാപാത്രം' 'പട്ടിണി' എന്നിവ പുരോഗമനസാഹിത്യത്തിനും 'വിദ്യാലയം' 'കാട്ടുപൂവ്' എന്നീ കവിതകൾ ഭാവിയെപ്പററിയുള്ള ചിന്തകളും പ്രതിനിധികൾതന്നെ. പലതും കൂടിയതാണ് ലോകം എന്നതത്വം മനസ്സിലാക്കിയ കവി, ലോകത്തിൻെറ പകപ്പായിരിക്കേണ്ട സാഹിത്യം അങ്ങനെയുള്ള വിഷയങ്ങളെക്കൊണ്ടു നിറച്ചിരിക്കുന്നതിൽ കാണിച്ചിരിക്കുന്ന ഔചിത്യം സ്തുത്യം തന്നെ.

കുട്ടിക്കാലത്തു കാണുന്ന ചന്ദ്രനെ ഒരു പമ്പരമായും യൌവ്വനത്തിൽകാണുന്ന ചന്ദ്രനെ തങ്കത്തിൻെറ മുഖത്തെ ഓമ്മിപ്പിക്കുന്ന ഒരു സുന്ദരവസ്തുവായും വാദ്ധക്യത്തിൽ കാണുന്ന ചന്ദ്രനെ, അഭിവൃദ്ധിയും നാശവും പ്രകൃതിസഹജമായ അവസ്ഥയാണെന്നു കാണിക്കുന്ന വസ്തുവായും വണ്ണിക്കുന്നതിൽനിന്നു കവിയുടെ ജീവിതനിരീക്ഷണപാടവം തെളിയുന്നില്ലേ. 'മുല്ലമാല'യിൽ, നിഷ്കളങ്കയായ ഒരു ബാലികയുണ്ടാക്കിയ മാലിക, സ്വാത്ഥപൂണ്ണരായ മല്ലികയും റോസയും ആവശ്യക്കാരായിരിക്കേ; അവക്കു കൊടുക്കാതെ നിസ്വാത്ഥനായ മഹാത്മാവിനപ്പിക്കുന്ന കാഴ്ച, ഉള്ളവനു് വദ്ധിപ്പിക്കാൻ ആശകൂട്ടുമെന്നും സ്വാത്ഥ പണ്ഡിതന്മാരായ അവരേക്കാൾ ലോകം ബഹുമാനിക്കുന്നതു് നിസ്വാത്ഥമായി ലോകസേവനം ചെയ്യുന്നവരെയാണെന്നും അല്ലേ നമ്മെ പഠിപ്പിക്കുന്നതു്. മാലയപ്പിക്കുന്ന കാഴ്ചകാണുമ്പോഴേക്കും കവി ആനന്ദബാഷ്പമൊഴുക്കുന്നു. ദേശഭക്തന്മാരെക്കുറിച്ചു കവിയുടെ ഹൃദയത്തിലുള്ള അടിയൊഴുക്കിനെയല്ലേ ഈ സംഭവം കാണിക്കുന്നതു്.

വികാരപരിമാണ് കവിതയെങ്കിൽ ആ ഉദ്ദേശത്തെ തികച്ചും സാത്ഥമാക്കുന്നതാണ് ഇതിലെ മിക്ക കവിതയും. 'ഭിക്ഷാപാത്രം' 'മരണശയ്യ' 'പട്ടിണി' 'വിദ്യാലയം' 'മുല്ലമാല' എന്നീ കവിതകൾ പ്രത്യേകിച്ചും പ്രസ്താവ്യമാണ്, 'ഭിക്ഷാപാത്ര'ത്തിലെ ഗൃഹനാഥനും 'മരണശയ്യ'യിലെ ഡോക്ടരും 'പട്ടിണി'യിലെ പറമ്പുടമസ്ഥനും നാം നേരിട്ടുകണ്ടിട്ടുള്ളതും കാണുന്നതും ആയ സജീവചിത്രങ്ങളത്രേ

പരിസരവണ്ണനംകൊണ്ടു് പ്രതിപാദ്യത്തിൻെറ പ്രതീതിയുളവാക്കുവാനുള്ള പ്രസ്തുതകവിയുടെ ശ്രമവും വിജയത്തിൽ കലാശിച്ചിട്ടുണ്ടെന്നു പറയാം. മരണശയ്യയിലെ

"സോമനാം ക്ഷയരോഗി
മരുതാമലയേറി-
യാമയമകററുവാ-
നൌഷധമന്വേഷിക്കേ
ജ്വരബാധയെത്തെല്ലുതീ-
ർക്കുവാൻ തലക്കുമേൽ-
തരസാഹിമമേന്തിററി
മവാൻ കടക്കവേ

കാസത്താൽ ഞരങ്ങുന്ന സാഗരം കീഴ്മേൽ മറിഞ്ഞാസന്നമരണൻെറ ഗോഷ്ടികൾ കാട്ടീടവേ" ഇത്യാദി പ്രയോഗങ്ങൾ കാണുമ്പോൾതന്നെ പ്രകൃതിയുടെ പ്രകൃതിയുടെ മരണമാണ് അതിലെ വസ്തുവെന്ന് ആരാണ് മനസ്സിലാക്കാതിരിക്കുക. അതുപോലെതന്നെ 'ഭിക്ഷാപാത്ര'ത്തിൽ കാണുന്ന

"പാർവ്വണേന്ദുവാം ഭിക്ഷാ-
പാത്രവും കയ്യിൽപ്പേറി-
പൂർവ്വദിഗ്വധൂടിയാൾ-
യാചിച്ചുനിന്നീടവേ
ചാരുവാമാകാശത്തിൽ
മിന്നിടും പൊൻനാണ്യങ്ങ-
ളോരോന്നായ് നിരത്തിവെ-
ച്ചെണ്ണുന്നിതേതോ ലുബ്ധൻ"

എന്ന പ്രയോഗത്തിൽനിന്നും ഒരു ഭിക്ഷക്കാരൻെറ ആവിർഭാവവും ലുബ്ധനിൽനിന്നുണ്ടാകുന്ന തിഷ്ടപ്രവൃത്തിയും ഊഹിക്കാൻ സാധിക്കും. പ്രകൃതിവർണ്ണനയിൽ കവിക്കുള്ള പാടവവും അതിൽ വരുത്തിയിരിക്കുന്ന പുതുമയും താഴെ എഴുതുന്ന വരികൾ വിളിച്ചുപറയുന്നുണ്ട്.

"അൻപെഴും പ്രഭാതശ്രീ-
യമ്പിളിത്താമ്പാളത്തിൽ
തുമ്പപ്പൂനിറയ്ക്കയായ്-
'ചിത്ര'യെപ്പൂജിക്കുവാൻ.
ചെമ്പട്ടുവിതാനിച്ച
പൂർവ്വദിഗ്ക്ഷേത്രത്തിങ്കൽ
ചെന്തെങ്ങിൻ കുരുത്തോല
ത്തൂക്കുന്നിതാരോനീളെ
താരങ്ങളല്ലാ കാണ്മ
തവിടെക്കത്തിച്ചോരു.
ചാരുചന്ദനത്തിരി
ത്തുമ്പുകൾ മിന്നുന്നതാം."

ഇതുപോലെയുള്ള പ്രകൃതിവർണ്ണനകൾ അങ്ങിങ്ങായി കാണുന്നതും പ്രശംസാർഹംതന്നെ.

"കീഴ്മേലായ് മറിഞ്ഞൊരീ-
ലോകത്തെശ്ശരിയ്ക്കൊന്നു-
കാണുവാൻ തലകീഴാ-
യ്ത്തൂങ്ങുന്നൂ വാവൽക്കൂട്ടം"

ഈ രണ്ടു വരികൾ ആലോചനാമൃതമല്ലേ എന്ന് ആലോചിച്ചു കണ്ടുപിടിച്ചുകൊള്ളുകയേ വേണ്ടൂ. കവിയുടെ ലോകപരീക്ഷണപാടവത്തെയല്ലേ അത് പ്രസ്ഫുടമാക്കുന്നത്. മിതമായ ഒരു വിലയിട്ടിരിക്കുന്ന ഈ പുസ്തകത്തിലെ, ഈ രണ്ടുവരികൾതന്നെ ഇടക്കാലത്തു പുറപ്പെട്ടുകണ്ടിട്ടുള്ള ഒരു ഖണ്ഡകാവ്യത്തിൻെറ വില കല്പിക്കാവുന്നതാണ്.

"ഹിന്ദുവും ക്രിസ്ത്യാനിയും മു
സ്ലീമുമൊരേ ഞെട്ടി-
ലൊന്നിച്ചു വികസിച്ച പുഷ്പ
ങ്ങൾപോലെ മിന്നി"യിരുന്ന
വിദ്യാലയം സ്മരിച്ച്
"ഭാരതമെൻ ജന്മഭൂവമ്മട്ടിലൊരുപാഠ-
ശാലയായ്ത്തീരുന്നെങ്കി
ലന്നു ഞാൻ കൃതാർത്ഥനാം"

എന്നു പറയുന്ന ഭാഗം കേൾക്കുന്ന ആരും കൃതാർത്ഥരാകാതെയിരിക്കയില്ല. 'ജനനി'യും, 'സ്മരണ'യും വായിക്കുന്ന ഏതൊരാളും തീർച്ചയായും ആ കാലത്തിലേക്കൊന്നു കുതിച്ചുപാഞ്ഞേ അടങ്ങുകയുള്ളൂ.

ദേശഭക്തിയും ദേശഭക്തന്മാരോടുള്ള ഭക്തിയും ഉള്ള കവിക്ക് സമതപത്തിലും

സ്വാതന്ത്ര്യത്തിലും ഉള്ള ആകാംക്ഷയും ഗ്രാമജീവിതത്തോടുള്ള പ്രതിപത്തിയും ആത്മാൎത്ഥതയോടെ വിവരിക്കുന്നതാണു് ഇതിലെ കവിതകൾ മിക്കതും. ഇതിൽ പ്രയോഗിച്ചിട്ടുള്ള സ്വഭാവോക്തി, ഉപമ, ഇത്യാദി അലങ്കാരങ്ങൾ സന്ദൎഭോചിതവും സ്വാരസ്യം നിറഞ്ഞതുംതന്നെ.

"ലോലമാലതീലതാ
ലലനാലലാമത്തിൻ
ലീലയിൽ ലീലാത്മാവാ-
യുറങ്ങുംബാലാനിലൻ"

"കാലകരാളകരവാളമെൻഗള-
നാളത്തിൽ നാളെപ്പതിക്കുമെന്നാകിലും"

ഇത്യാദി ചില ഭാഗങ്ങളിൽ കവിപ്രയോഗിച്ചിട്ടുള്ള ശബ്ദാലങ്കാരങ്ങൾ കണ്ടു് ചിലർ കവിത്വത്തിലുള്ള യുവത്വത്തെ ശങ്കിച്ചേക്കാമെങ്കിലും 'ഭൂരിപക്ഷം കവിതകൾക്കും സ്വീകരിച്ചിരിക്കുന്ന 'കേക'വൃത്തം യുവത്വത്തിന്റെ അവസാനത്തിലുണ്ടാകുന്ന ഗൌരവബുദ്ധിതന്നെയെന്നു കണ്ടു സമാധാനിച്ചുകൊള്ളും.

സാഹിത്യലോകത്തിൽ സ്ഥിരപ്രതിഷ്ഠ നേടിയിട്ടുള്ള ഒരു മഹാന്റെ നാമധേയത്തോടു് മിക്കവാറും അടുപ്പവും കുറെ കവിയലും ഉള്ള ഈ യുവസാഹിത്യകാരൻ അദ്ദേഹത്തോടു പരിപൂൎണ്ണമായ അടുപ്പം പ്രാപിച്ചു് സാഹിത്യകുടുംബത്തിലെ എണ്ണപ്പെട്ട വ്യക്തിയായിത്തീരുവാൻ ഇടയാകട്ടെ എന്നു പ്രാൎത്ഥിക്കുന്നതോടൊപ്പം വേണ്ട പ്രോത്സാഹനം കൊടുത്തു് ഉയൎത്തേണ്ടതു് മാതൃഭാഷാഭക്തരായ എല്ലാ മലയാളികളുടേയും കൎത്തവ്യമാണെന്നു് ഉൽബോധിപ്പിച്ചു്, ഗ്രന്ഥകൎത്താവിനു് സകല ഭാവുകങ്ങളും കൈവരുത്തുവാൻ ജഗന്നിയന്താവിനോടു് പ്രാൎത്ഥിച്ചുകൊണ്ടു് അല്പം ദീൎഘിച്ചുപോയ ഈ അഭിപ്രായം വിരമിപ്പിച്ചുകൊള്ളട്ടെ.

---

# കടമാളൂർ സ്മരണകൾ

(വിദ്വാൻ അടയത്തു കൃഷ്ണപിള്ള.)

കടമാളൂർ ഗോപാലപിള്ള! അനുഗ്രഹീത നാമാവായ ഈ സ്വസ്ഥപുരുഷന്റെ അകാലവിയോഗം ആരെ കോൾമയിർ കൊള്ളിക്കില്ല! ഒരു ഉത്തമസാഹിത്യബന്ധു, നിഷ്കളങ്കമായ സ്വഭാവമാധുൎയ്യം തുളളിത്തുളുമ്പുന്ന ഒരാത്മസുഹൃത്തു്, വിനീത വേഷധാരിയും സൽഗുണസമ്പന്നനും അഹങ്കാരത്തിന്റെ കാണികപോലും എത്തിനോക്കിയിട്ടില്ലാത്ത 'ശാന്തപ്രകൃതിയും കുലീനത്വവും കുബേരത്വവും ഒത്തിണങ്ങിയ പ്രസന്നവദനനുമായ ഒരു മഹാത്മാവു എന്നീ വിവിധനിലകളിൽ പ്രശോഭിച്ചിരുന്ന ഇദ്ദേഹത്തെ ഒരു നോക്കുകണ്ടിട്ടുള്ളവർ ഒരിക്കലും വിസ്മരിക്കുമെന്നു തോന്നുന്നില്ല.

ഒരുനൂററിപത്തു് മീനം രണ്ടാംതീയതിയാണു് ഞങ്ങൾ ആദ്യമായി പരിചയപ്പെട്ടതു്. വെളുത്തുതടിച്ചു പൊക്കംകുറഞ്ഞു ഉദ്ദേശം നാല്പതോളം പ്രായമുള്ള ഒരു മാന്യൻ, അന്നു തൃശ്ശിവപേരൂരിൽ 'ചങ്ങരംപൊന്നത്തു' പടിപ്പുരമുറിയിൽ വിദ്വാൻ പരിക്ഷയ്ക്കു പഠിച്ചു താമസിച്ചിരുന്ന എന്നെ കാണാൻവന്നു. ഞാൻ ഇരുന്നിടത്തുനിന്നു എഴുന്നേററു വന്ദിച്ചപ്പോൾ

ഒരു ചിരന്തനസുഹൃത്തിനെപ്പോലെ അദ്ദേഹം "മി: 'അടയത്തിനെ' ഇപ്പോഴെങ്കിലും കാണാൻ കഴിഞ്ഞല്ലോ, ഇന്നുതന്നെ രാജർഷിക്കു ഒരു കവിതയെഴുതിത്തരണം" എന്നു പറഞ്ഞു എന്നെ ആശ്ലേഷിച്ചു. അന്നുവരെ ആത്മാർത്ഥതയുടെ തണലിൽ വിശ്രമിച്ചിട്ടില്ലാത്ത എനിക്കു അതിനുള്ള ഭാഗ്യം വരുത്തിയ ആ മഹാത്മാവിനോടു അകൈതവമായ നന്ദി പ്രദർശിപ്പിക്കുന്നതിനു അവ്യക്തമായ ചില അക്ഷരങ്ങൾക്കുമാത്രമേ ശക്തിയുണ്ടായുള്ളു. അനന്തരം നാലുമണിക്കൂറോളം നീണ്ടുനിന്ന ഞങ്ങളുടെ സംഭാഷണത്തിനു ശേഷം ആ മാന്യൻ പിരിഞ്ഞുപോയി. പിറേറദിവസംമുതൽ ഞാൻ സ്വദേശത്തേക്കു മടങ്ങുന്നതുവരെ ദിവസത്തിൽ ഒരു പ്രാവശ്യമെങ്കിലും അദ്ദേഹത്തിനു എൻെറ സാന്നിദ്ധ്യം അത്യന്താപേക്ഷിതമായിരുന്നു. പുറപ്പെടുന്ന ദിവസം ഞാനൊരുമിച്ചു റയിൽവെസ്റ്റേഷനിൽ വന്നു ടിക്കററു വാങ്ങിത്തന്നു എന്നെ യാത്രയാക്കിയതും പിരിയുന്ന സന്ദർഭത്തിൽ എൻെറ വലതുകൈ ഗ്രഹിച്ചു "ഗോപാലകൃഷ്ണനാർ വിഭിന്നരല്ലെന്നു ഞാൻ പറയേണ്ടതില്ലല്ലോ, എല്ലാ വിവരത്തിനും വിശദമായി മറുപടി അയക്കണം" എന്നു പറഞ്ഞു ആ സഹോദരൻ മടങ്ങിപ്പോയതും ഞാൻ ഇന്നും ഓർക്കുന്നു.

ആഴ്ചയിലൊരിക്കൽ "മടങ്ങുന്ന അഞ്ചലിൽ മറുപടി അയക്കേണമേ!" എന്നു സ്നേഹപൂർവ്വം അപേക്ഷിച്ചുകൊണ്ടു അദ്ദേഹം അയച്ചിട്ടുള്ള ഹൃദയാവർജ്ജകങ്ങളായ കത്തുകൾ ഞാൻ നിധിപോലെ സൂക്ഷിച്ചുവെച്ചിട്ടുണ്ട്. അവയിൽ ഓരോന്നും സരസ സൂക്തമുക്താമണികളെക്കൊണ്ടു ആപാദചൂഡം ആകർഷകമായിരിക്കുന്നു. ആത്മാർത്ഥതയുടെ ആഴം അളന്നുനോക്കാൻ ആ കത്തുകളിലെ ഓരോ വാക്കിനും ശക്തിയുണ്ടെന്നു അതിശയോക്തി ലേശം കൂടാതെ എനിക്കു തുറന്നുപറയാൻകഴിയും. എനിക്കയച്ചിട്ടുള്ള മിക്ക കത്തുകളിലും എൻെറ ആത്മസുഹൃത്ത് തിരുവിതാംകൂറിലും കൊച്ചിയിലുമുള്ള രണ്ടു മഹാക്കളുടെ സ്വഭാവവൈശിഷ്ട്യം വിശദമാക്കി ആ ആദർശപുരുഷന്മാരെ എൻെറ ഹൃദയത്തിലും ലബ്ധപ്രതിഷ്ഠന്മാരാക്കിത്തീർത്തിട്ടുണ്ട്. റാവുസാഹിബ് മഹാകവി ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ എം. എ. ബി. എൽ. എം. ആർ. ഏ. എസ്സ്. അവർകളും, റാവുസാഹിബ് ഐ. എൻ. മേനോൻ എം. എ. ഡിലിററ് അവർകളുമാണ് പ്രസ്തുത സ്മര്യപുരുഷന്മാർ. കൊച്ചിയിലെ ഒരു ഹൈസ്ക്കൂളിൽ കേവലം മുൻഷിയായി ജീവിക്കുന്ന എനിക്കു ഇടക്കാലത്തുണ്ടായ ഒരു സ്ഥാനഭ്രംശത്തിനു കാരണമായ ചില തെററിദ്ധാരണകൾക്കു പരിഹാരംവരുത്തുന്നതിനു എന്താണൊരുമാർഗ്ഗമെന്നു എൻെറ പ്രാണസുഹൃത്തിനോടു ഞാൻ ഒരിക്കൽ എഴുതിച്ചോദിക്കയുണ്ടായി. അദ്ദേഹം മറുപടിതന്നു. "താങ്കൾ സദയം അയച്ച എഴുത്തുകിട്ടി, വ്യസനിക്കേണ്ട. സത്യത്തിനു കൂമ്പുണ്ട്. അങ്ങയുടെ പ്രസന്നകോമളമായ മുഖം—ഹൃദയത്തിലുള്ള നിർമ്മലവിചാരങ്ങൾ അനുനിമിഷം പ്രതിബിംബിച്ചുകൊണ്ടിരിക്കുന്ന ആ മനോഹരമുഖം സത്യവാക്കുകളല്ലാതെ ഉച്ചരിക്കുകയില്ലെന്നു എനിക്കുറപ്പുണ്ട്. കൊച്ചിയിലെ വിദ്യാഭ്യാസ മേലദ്ധ്യക്ഷൻ—രാജർഷിത്തിരുമേനിയുടെ രണ്ടാമത്തെ അവതാരമായ ആ 'ഭൂലോകപാരിജാതം' മറിച്ചൊരുതീർപ്പു കല്പിക്കുമെന്നു സ്വപ്നേപി വിചാരിക്കേണ്ട." പിന്നീടു എനിക്കുണ്ടായ അനുഭവവും എൻെറ ആത്മസുഹൃത്തിൻെറ മേലുദ്ധരിച്ച അഭിപ്രായത്തെ അനുകൂലിച്ചുകൊണ്ടായി

രുന്നു. മറെറാരു സന്ദർഭത്തിൽ എൻെറ 'കവനചന്ദ്രിക'യ്ക്കു ഒരഭിപ്രായം അയച്ചുതരണമെന്നപേക്ഷിച്ചുകൊണ്ടു ഞാൻ മഹാകവി ഉള്ളൂരിനു ഒരു കത്തയച്ചതിനു രണ്ടാഴ്ചകഴിഞ്ഞിട്ടും മറുപടികിട്ടാതിരുന്നതിനാൽ അതിനു കാരണമെന്തായിരിക്കാമെന്നു അടുത്തുതന്നെ കുടമാളൂരിനെഴുതിയ വേറൊരെഴുത്തിൽ ഒരു ചോദ്യചിഹ്നമിട്ടിരുന്നു. എൻെറ സംശയം അദ്ദേഹം പരിഹരിച്ചു. "മാന്യസുഹൃത്തേ! താങ്കൾ നമ്മുടെ മഹാകവിയെ അന്യഥാശങ്കിക്കേണ്ട. ഇത്ര ഹൃദയാലുവും ദയാലുവുമായ ഒരു മഹാൻ കേരളത്തിലില്ലെന്നുതന്നെ പറയാം. തമിഴ്, മലയാളം, സംസ്കൃതം, ഇംഗ്ലീഷ് എന്നീ ഭാഷകളിൽ അനന്യസാധാരണവും അഗാധവുമായ പാണ്ഡിത്യം നേടിയിട്ടുള്ള സംസ്കാരസമ്പന്നനായ നമ്മുടെ മഹാകവി—ജ്ഞാനവൃദ്ധനും സാഹിത്യഭണ്ഡാരവുമായ ഉള്ളൂർ, താങ്കളുടെ 'കവനചന്ദ്രിക'യുടെ ആമുഖത്തിൽ അവതാരികാകാരനായ സാഹിത്യകലാനിധി എ. ഡി. ഹരിശർമ്മാ എം. ആർ എ. എസ്സ്. അവർകൾ 'മി: കൃഷ്ണപിള്ളയുടെ കവിതാശൈലി അക്ലിഷ്ടസുന്ദരമാണ്; ആശയവിശുദ്ധി അതിൻെറ മാററുവർദ്ധിപ്പിക്കുന്നു; 'ചന്ദ്രിക'യിലെ ഏതുഭാഗവും അതിനു സാക്ഷിപറയും' എന്നു അഭിപ്രായപ്പെട്ടിട്ടുള്ളതുപോലെ, സ്വാഭിപ്രായം തുറന്നുപറയുന്നതിൽ വൈമുഖ്യം കാണിക്കുമെന്നു സംശയിക്കേണ്ട. കൃത്യാന്തരപരതന്ത്രനായ ആ മഹാത്മാവിൽനിന്നും ഒരാഴ്ചയ്ക്കകം താങ്കൾക്കു മറുപടികിട്ടുകയും ചെയ്യും." ഈ വാക്കുകൾ എത്ര സത്യമായിരിക്കുന്നു. മഹാകവിയുടെ മറുപടി ലഭിക്കുന്നതിനു പിന്നീടു ഒരാഴ്ച വേണ്ടിവന്നില്ല. നാലാംദിവസംതന്നെ ആ മഹാത്മാവിൻെറ പുസ്തകാഭിപ്രായം ഉൾക്കൊള്ളുന്നതും സാഹിത്യരസം വഴിഞ്ഞൊഴുകുന്നതുമായ ഒരു ലേഖനം എനിക്കുകിട്ടി. ആ അഭിപ്രായം 'കവനചന്ദ്രിക'യുടെ രണ്ടാംപതിപ്പിൽ ചേർക്കാൻ നിശ്ചയിച്ചിരിക്കുന്നതിനാലും, പ്രകൃതത്തിനു യോജിക്കാത്തതുകൊണ്ടും ഇവിടെ പകർത്തുന്നില്ല.

യുദ്ധംമൂലം സാമാനങ്ങൾക്കു വില വർദ്ധിച്ചുകൂട്ടത്തിൽ കടലാസ്സിനും വിലകൂടി. ക്രമേണ അധികം വിലകൊടുത്താൽകൂടി പുറമേനിന്നു കടലാസ്സു കിട്ടുന്നതിനു നിവൃത്തിയില്ലാതായി. പത്രപ്രവർത്തകന്മാർക്കും അച്ചടിക്കാർക്കും കൺട്രോൾവിലയ്ക്കു ഗവർമ്മെണ്ടിൽനിന്നും കടലാസ്സു കൊടുക്കാമെന്നു നിയമമുണ്ടായിരുന്നെങ്കിലും വാങ്ങുവാൻ എളുപ്പത്തിൽ സാധിച്ചിരുന്നില്ല. 'രാജർഷി'മാസിക അച്ചടിക്കുന്നതിനും ഈ സന്ദർഭത്തിൽ കടലാസ്സിൻെറ ക്ഷാമംമൂലം അല്പം വിഷമം നേരിട്ടിരുന്നു. പത്രാധിപർ ഉടനെതന്നെ പന്ത്രണ്ടുകെട്ടു കടലാസ്സു കൊച്ചിയിലെ ഒരു കമ്പനിയിൽനിന്നും വാങ്ങുന്നതിനുള്ള ഉത്തരവു സമ്പാദിച്ചു. ആ ആർഡറുകൊണ്ടു 119 ഇടവം 25-ാംനു അദ്ദേഹം എൻെറ വീട്ടിലെത്തി. അപ്രതീക്ഷിതമായ വരവായിരുന്നതിനാൽ എൻെറ ആത്മസുഹൃത്തിനെ സസ്നേഹം സ്വാഗതംചെയ്യുന്നതിനു എനിക്കു സാധിച്ചില്ല. അന്നുസ്കൂളുള്ള ദിവസമായിരുന്നതിനാൽ ഞാൻ കൊച്ചിയിലായിരുന്നു. എൻെറ വൃദ്ധയായ മാതാവു ആഗതനെക്കണ്ടു എഴുന്നേററുനിന്നപ്പോൾ അദ്ദേഹം ഞങ്ങളുടെ സ്നേഹബന്ധത്തെ വിശദമാക്കി അവരെ ഉപവിഷ്ടയാക്കിയശേഷം അമ്മയുടെ അടുത്തിരുന്നു കുശലപ്രശ്നംതുടങ്ങി. പുത്രനിർവ്വിശേഷമായ ഭക്തികണ്ടു മതിമറന്നുപോയ എൻെറ പ്രിയമാതാവിൻെറ പിന്നീടുള്ള സംഭാഷണത്തിൽനിന്നും ഹൃദയപൂർവ്വമായ

ശുശ്രൂഷയിൽനിന്നും അദ്ദേഹത്തെ എന്റെ ജ്യേഷ്ഠസഹോദരനായിട്ടാണു അവർ പരിഗണിച്ചിരുന്നതെന്നു എനിക്കു മനസ്സിലായി. കടലാസ്സു കിട്ടിയിട്ടും അമ്മയുടെ നിർബ്ബന്ധപ്രകാരം അദ്ദേഹം ഒരാഴ്ചയോളം ഞാനൊരുമിച്ചു താമസിച്ചു. സ്നേഹിതൻ യാത്രപറഞ്ഞപ്പോൾ എന്റെ അമ്മ പൊട്ടിക്കരഞ്ഞു അദ്ദേഹത്തിന്റെ കണ്ണുകളും അശ്രുകലുഷങ്ങളായി. രണ്ടുപേക്കും പിന്നീടു സംസാരിക്കാൻകഴിഞ്ഞില്ല. ഞാൻ റയിൽവേസ്റ്റേഷൻവരെ അദ്ദേഹത്തെ അനുഗമിച്ചു തൃശ്ശൂരെത്തിയാൽ എഴുത്തയക്കാമെന്നു വാഗ്ദത്തംചെയ്തു് അദ്ദേഹം വണ്ടിയിൽകേറി. അടുത്തയച്ച കത്തിൽ ആ സഹോദരൻ രേഖപ്പെടുത്തിയിരുന്ന വാക്കുകൾ എന്നെ പുളകിതനാക്കി. "അടുത്ത ജന്മത്തിലെങ്കിലും താങ്കളുടെ പ്രിയമാതാവിന്റെ പുത്രനായി ജനിക്കാൻ എന്നെ അനുഗ്രഹിക്കണമെന്നു ഞാൻ സർവ്വശക്തനോടു ദിനംപ്രതി പ്രാർത്ഥിക്കുന്നുണ്ടു്. സ്നേഹസമ്പൂർണ്ണമായ ഒരു നിർമ്മലഹൃദയമാണു് ആ മാതാവിനുള്ളതു്. പുത്രവാത്സല്യം ആ ഹൃദയശുദ്ധിക്കുമാറ്റു കൂട്ടുന്നു. ആ പുത്രവത്സലയെ പ്രസാദിപ്പിക്കുവാൻ ഏതൊരു മകനു ഭാഗ്യം സിദ്ധിക്കുന്നുവോ അയാൾക്കു പിന്നെ നരകദുഃഖം അനുഭവിക്കേണ്ടി വരികയില്ല."

മാസം പിന്നെയും രണ്ടുകഴിഞ്ഞു ഞങ്ങളുടെ കത്തിടപാടുകൾ തുടർന്നുകൊണ്ടിരുന്നു. നൂററിരുപതിലെ ഓണക്കാലവും അടുത്തുവന്നു. ചിങ്ങം 2-ാംനു എനിക്കു അദ്ദേഹത്തിന്റെ ഒരു ക്ഷണക്കത്തുകിട്ടി, തിരുവോണത്തിന്റെ പിറേറദിവസം വൈകുന്നേരത്തെ വണ്ടിക്കു ഞാൻ തൃശ്ശൂക്കു ചെല്ലണമെന്നും, ഓണക്കാലത്തു രണ്ടുദിവസമെങ്കിലും ഞാനൊരുമിച്ചു ഭക്ഷണംകഴിച്ചാൽ കൊള്ളാമെന്നും, തന്റെ അപേക്ഷയെ യാതൊരു വിധത്തിലും നിരസിക്കരുതെന്നുമായിരുന്നു ആ കത്തിലെ താല്പര്യം. ആ 'ജ്യേഷ്ഠസഹോദരന്റെ' ആവശ്യം എന്തുതന്നെയായാലും അതു നിവൃത്തിക്കുന്നതിനു സർവ്വദാസന്നദ്ധനായിരുന്ന എനിക്കു തിരുവോണദിവസം വൈകുന്നേരത്തെ വണ്ടിക്കുതന്നെ തൃശ്ശൂക്കു പുറപ്പെടാൻ യാതൊരു ക്ലേശവും ഉണ്ടായില്ല. റയിൽവെസ്റ്റേഷനിലെത്തി പ്ലാററ്ഫാറം കടന്നു പുറത്തുവന്നപ്പോൾ, വണ്ടിയിലെ ഓരോ മുറിയിലും അക്ഷമയോടെ കണ്ണോടിച്ചു കൃതാർത്ഥനായി നിന്നിരുന്ന എന്റെ പ്രാണസ്നേഹിതൻ ഒരു പുഞ്ചിരിയോടുകൂടി എന്നെ കടന്നുപിടിച്ചു. അനന്തരം സരസസംഭാഷണത്തിൽ ലീനചിത്തരായിത്തീന്ന ഞങ്ങൾ രണ്ടുപേരും യാത്രക്ലേശം എന്തെന്നറിയാതെ അദ്ദേഹത്തിന്റെ വസതിയിലെത്തി. ഭർത്തൃപരിചരണത്തിൽ ബദ്ധശ്രദ്ധയായ ഒരു സാധ്വി, പിതൃഭക്തിയിൽ അദ്വിതീയനായ ഒരു പുത്രൻ ഇവരോടുകൂടിയുള്ള അദ്ദേഹത്തിന്റെ കുടുംബജീവിതം ഏതൊരു ഗൃഹസ്ഥനേയും അസൂയാലുവാക്കിത്തീക്കുമെന്നതിനു സംശയമില്ല. രണ്ടുദിവസം ആ സുഹൃൽസമ്മേളനത്തിൽ പങ്കുകൊണ്ടതിനുശേഷം മേടമാസത്തിൽ പൂരത്തിനു എത്തിക്കൊള്ളാമെന്നുള്ള കരാറിന്മേൽ ഞാൻ ഒരു പ്രകാരത്തിൽ അവിടെനിന്നും മടങ്ങി. അതിനുശേഷം അദ്ദേഹം അയച്ച ഒരു കത്തിൽ തനിക്കു ഉദരസംബന്ധമായ രോഗം ബാധിച്ചിരിക്കുന്നുവെന്നും ത്തികവെപ്പു കൊണ്ടു അതിനു അല്പം ആശ്വാസമുണ്ടെന്നും വ്യക്തമാക്കിയിരുന്നു. പിന്നീടുള്ള എല്ലാ എഴുത്തുകളിലും പ്രസ്തുതരോഗത്തിന്റെ കൂടുതൽ കുറവുകളെക്കുറിച്ചു രണ്ടുവാക്കെങ്കിലും അദ്ദേഹം പറയാതിരുന്നിട്ടില്ല.

(തുടരും)